# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5401 — 26.03.2018-ൽ മറുപടിക്ക്

## ഓഖി ദുരന്തം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീമതി., ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് പ്രഖ്യാപിച്ച 22 ലക്ഷം രൂപ എത്ര കുടുംബങ്ങൾക്ക് നൽകി; | (എ) | 51 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 22 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. |
| (ബി) | കാണാതായവർ മൂന്നു മാസത്തിനകം തിരിച്ചെത്തിയില്ലെങ്കിൽ മരിച്ചതായി കണക്കാക്കി നഷ്ടപരിഹാരം നൽകുമെന്ന് സർക്കാർ പ്രഖ്യാപനമുണ്ടോ; | (ബി) & (സി) | കാണാതായവരുടെ ആശ്രിതർക്ക് മരണമടഞ്ഞവരുടെ ആശ്രിതർക്ക് നൽകുന്ന അതേ തോതിലുള്ള ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 21.12.2017 ലെ സ.ഉ(സാധാ) നം. 113/2017/ഡി.എം.ഡി ഉത്തരവ് പ്രകാരം കാണാതായവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയത്തിൽ അടിയന്തര തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ ശുപാർശ ചെയ്യുന്നതിനും ഇതിനായി നിലവിലെ നിയമവ്യവസ്ഥകളിൽ ഇളവുകൾ വരുത്തേണ്ടതുണ്ടെങ്കിൽ അക്കാര്യം സംബന്ധിച്ച് അടിയന്തര തീരുമാനമെടുക്കുന്നതിനും ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന് അംഗീകാരം ലഭ്യമായാലുടൻ തന്നെ കാണാതായവരുടെ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. കാണാതായവരുടെ കുടുംബങ്ങൾക്ക് ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 10,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകുകയുണ്ടായി; | | |
| (ഡി) | ഓഖിയുമായി ബന്ധപ്പെട്ട് വള്ളങ്ങൾ അടക്കമുള്ള മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നൽകിയ നഷ്ടപരിഹാരം എന്തൊക്കെ; ഇത് സംബന്ധമായി സർക്കാർ എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഫിഷറീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം ഓഖി ചുഴലിക്കാറ്റിൽ 187 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടം സംഭവിച്ചു. ഭാഗികമായി കേടായ മത്സ്യബന്ധന യാനങ്ങളുടെ നഷ്ടം കണക്കാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയും അതനുസരിച്ച് നഷ്ടം തിട്ടപ്പെടുത്തി വരികയുമാണ്. ആയത് ലഭിച്ചാലുടൻ നഷ്ടപരിഹാരം മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകൾക്ക് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യബന്ധന യൂണിറ്റുകൾ ഗ്രൂപ്പടിസ്ഥാനത്തിൽ പുനസ്ഥാപിച്ച് മത്സ്യത്തൊഴിലാളികളുടെ തൊഴിലുറപ്പ് വരുത്തുന്നതിനായി 80 യാനങ്ങൾ നൽകുന്നതിന് 9.88 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ